Syro Malabar Commission for Liturgy



# യൗസേപ്പിന്റെ പക്കൽ പോകുവിൻ

മാർച്ച് 19-ാം തിയതി നീതിമാനായ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ നമ്മൾ ആഘോഷിക്കുകയാണല്ലോ. വിശുദ്ധ യൗസേപ്പിനെ സാർവത്രികസഭയുടെ മദ്ധ്യസ്ഥനായി ഒൻപതാം പീയൂസ് പാപ്പ പ്രഖ്യാപിച്ചതിന്റെ നൂറ്റിമ്പത്താം വാർഷികത്തോടനുബന്ധിച്ച് 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ  വിശുദ്ധ യൗസേപ്പിന്റെ വർഷമായി ആചരിക്കുവാൻ ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്തിരിക്കുന്നു.

മത്താ 1: 18-25 വരെയുള്ള സുവിശേഷഭാഗത്ത് ദാവീദുവംശജനായ ജോസഫും ഈശോയുടെ അമ്മയായ മറിയവും തമ്മിലുള്ള വിവാഹനിശ്ചയത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. ജോസഫ് ദാവീദുവംശത്തിൽനിന്നുള്ളവനായിരുന്നുവെന്ന് ഈശോയുടെ വംശാവലിയിൽനിന്നും വ്യക്തമാണ്. അങ്ങനെ ദാവീദുവംശത്തിൽനിന്നും ഒരു രക്ഷകൻ പിറക്കും എന്ന ദൈവികവാഗ്ദാനം യൗസേപ്പിതാവിലൂടെ പൂർത്തീകരിക്കപ്പെടുന്നു.

മറിയം ഗർഭിണിയായിക്കണ്ടപ്പോൾ യൗസേപ്പിന് വിശ്വാസത്തിന്റെ വലിയ ഒരു അഗ്നിപരീക്ഷയിലൂടെയാണ് കടന്നുപോകേണ്ടി വന്നത്. യൗസേപ്പ് മറിയത്തെ രഹസ്യത്തിൽ ഉപേക്ഷിക്കുവാൻ തീരുമാനിക്കുന്ന വേളയിലാണ് കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് മറിയത്തെ ഭാര്യയായി സ്വീകരിക്കുവാൻ ശങ്കിക്കേണ്ടായെന്ന് ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യുന്നത്. അബ്രാഹത്തിനുണ്ടായ പരീക്ഷണംപോലെ കഠിനമായ ഈ പരിക്ഷണത്തെ അതിജീവിക്കുവാൻ വിശ്വാസത്തിലൂടെ യൗസേപ്പിന് സാധിക്കുന്നു. വിശ്വാസമെന്നത് ദൈവികപദ്ധതിക്ക് അടിയറവു പറയുന്നതാണ്. കാണപ്പെടാത്തവ ഉണ്ട് എന്നും പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ബോധ്യവുമാണ് വിശ്വാസം (ഹെബ്രാ 11:1). ദൈവവചനത്തോട് തന്റെ ജീവിതത്തെ താദാത്മ്യപ്പെടുത്തുവാൻ കഴിഞ്ഞുവെന്നതിലാണ് യൗസേപ്പിന്റെ വിശ്വാസം വ്യക്തമാകുന്നത്. ലോകരക്ഷകനായ ഈശോയ്ക്ക് പിറക്കാൻ ഇടംകിട്ടാതെ വന്നപ്പോൾ പുൽത്തൊട്ടിയെ ഒരുവീടുപോലെ ഒരുക്കിയത് യൗസേപ്പിന്റെ ഈ വിശ്വാസവും ധൈര്യവുമാണ് (ലൂക്കാ 2: 6-7). രണ്ടുവയസ്സിൽ താഴെയുള്ള ശിശുക്കളെ വധിക്കാൻ ഹേറോദേസ് പദ്ധതിയിടുന്നുവെന്നറിഞ്ഞ് അമ്മയെയും കുഞ്ഞിനെയും കൂട്ടിക്കൊണ്ട് രാത്രിയിൽ ഈജിപ്തിലേക്ക് പലായനം ചെയ്തതും യൗസേപ്പിന്റെ വിശ്വാസധീരതയ്ക്കു മകുടോദാഹരണമാണ് (മത്താ 2: 13-14).

ഈശോയ്ക്കും മറിയത്തിനും താങ്ങും തണലുമായി യൗസേപ്പ് എപ്പോഴും കൂടെയുണ്ട്. ഈശോയെയും മറിയത്തെയും നിശബ്ദതയിലും എളിമയിലും വിശ്വാസത്തിലും യൗസേപ്പ് പരിചരിക്കുന്നു. തന്റെ മകന്റെ പിന്നിലെ ഒരു നിഴലായി മാത്രം യൗസേപ്പ് ജീവിച്ചു. തന്നെക്കാളും ഉയർന്നവനാണ് ഈശോ എന്ന് യൗസേപ്പിന് അറിയാമായിരുന്നു. തന്മൂലം ആദരവോടും മിതത്വത്തോടും കൂടെയാണ് യൗസേപ്പ് ഈശോയോട് കല്പിച്ചിരുന്നത്. പലപ്പോഴും താഴ്ന്ന മനുഷ്യർ ഉയർന്ന മനുഷ്യരുടെമേൽ നിയമിതരാകുന്നു. തന്മൂലം ഈശോ യൗസേപ്പിതാവിന് കീഴ്‌വഴങ്ങി ജീവിച്ചതുപോലെ ഉയർന്ന മനുഷ്യർ താഴ്ന്ന മനുഷ്യർക്ക് കീഴ്‌വഴങ്ങി ജീവിക്കുക മഹത്തരമാണെന്ന് ലൂക്കാ സുവിശേഷത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ ഒരിജൻ പ്രസ്താവിക്കുന്നു.

ജറുസലേം ദേവാലയത്തിൽ വച്ച് ഈശോയെ കാണാതാകുമ്പോൾ മാതാപിതാക്കളായ യൗസേപ്പും മറിയവും വളരെ ആകുലചിത്തരായി അന്വേഷിക്കുന്നു. ദേവാലയത്തിൽ വച്ച് വേദശാസ്ത്രികളുമായി ഈശോ തർക്കിക്കുന്നതു കാണുമ്പോൾ യൗസേപ്പ് വിസ്മയഭരിതനാകുന്നു. 'ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതല്ലെയെന്ന്' ഈശോ യൗസേപ്പിനോടും മറിയത്തോടും ചോദിക്കുമ്പോൾ അവർ വിസ്മയപൂരിതരായി മൗനം ഭജിക്കുകയാണ് ചെയ്യുന്നത് (ലൂക്കാ

2:49). തുടർന്ന് ഈശോ ജ്ഞാനത്തിലും പ്രായത്തിലും കൃപയിലും വളർന്നുവന്നപ്പോൾ യൗസേപ്പ് കൂടെയുണ്ട്. നല്ല അപ്പനെപ്പോലെ ഈശോയെ വളർത്തുവാൻ യൗസേപ്പ് ജാഗ്രത പുലർത്തുന്നു. ഈശോയുടെ വളർച്ചയിൽ ഒരു നിഴലുപോലെ മറിയത്തോടൊപ്പം യൗസേപ്പിനെയും നമുക്ക് കാണുവാൻ കഴിയും.

തച്ചനായിരുന്ന യൗസേപ്പ് അനുദിനം അദ്ധ്വാനിച്ചാണ് കുടുംബത്തെ സംരക്ഷിച്ചത്. മാന്യമായി തൊഴിൽ ചെയ്തു ജീവിക്കുന്നതിന്റെ മകുടോദാഹരണമാണ് യൗസേപ്പ്. അദ്ധ്വാനിക്കുന്നവർ ദൈവത്തോട് സഹകരിക്കുന്നവരും സൃഷ്ടികർത്താക്കളുമാണ്. തൊഴിലാളികളുടെ മദ്ധ്യസ്ഥനെന്ന് 12ാം പീയൂസ് പാപ്പാ വി. യൗസേപ്പിനെ വിളിക്കുകയുണ്ടായി. വി. യൗസേപ്പ് പ്രിയപ്പെട്ട ഒരു പിതാവായിരുന്നു. വാത്സല്യത്തോടും കരുതലോടുംകൂടെയാണ് യൗസേപ്പ് ഈശോയെ വളർത്തിയത്. ജോസഫിന്റെ പക്കൽ പോകുവിൻ എന്നാണ് ഈജിപ്തിൽ ക്ഷാമമായപ്പോൾ ഫറവോ ഈജിപ്തുകാരോട് പറഞ്ഞത് (ഉല്പ 41: 55). പൂർവയൗസേപ്പിന്റെ പിന്തുടർച്ചക്കാരനായ വി. യൗസേപ്പ് പഴയനിയമത്തെയും പുതിയനിയമത്തെയും ബന്ധിക്കുന്ന കണ്ണിയായി വർത്തിക്കുന്നു. രക്ഷകന്റെ പരിപാലകൻ എന്നാണ് ജോൺപോൾ രണ്ടാമൻ പാപ്പാ വി. യൗസേപ്പിനെ വിളിച്ചത്.

സംശുദ്ധനായ പിതാവാണ് യൗസേപ്പ്. സ്വാർത്ഥതയുടെ ലാഞ്ഛന ലവലേശം അദ്ദേഹത്തിലുണ്ടായിരുന്നില്ല. തന്മൂലം അനിതരസാധാരണമായ സ്വാതന്ത്ര്യത്തോടെ എല്ലാവരെയും സ്നേഹിക്കാൻ യൗസേപ്പിനു കഴിഞ്ഞു. തന്നെക്കുറിച്ച് ചിന്തിക്കാതെ മറിയത്തെയും ഈശോയെയും നിസ്വാർത്ഥമായി പരിചരിക്കുകയും ആത്മദാനത്തിൽ യൗസേപ്പ് ആനന്ദം കണ്ടെത്തുകയും ചെയ്തു. പ്രത്യാശയുടെ പാദമുദ്രകൾ അദ്ദേഹത്തിന്റെ ജീവിതത്തെ മുന്നോട്ട് നടത്തി.

നല്ല മരണത്തിന്റെ മദ്ധ്യസ്ഥനായ യൗസേപ്പ് നമ്മുടെ സംരക്ഷകനും പരിപാലകനുമായി എപ്പോഴും നമ്മുടെ കൂടെയുണ്ട്. വിശുദ്ധ യൗസേപ്പിനോടുള്ള സ്നേഹബന്ധത്തിൽ ആഴപ്പെടാനും, മാദ്ധ്യസ്ഥ്യം അപേക്ഷിക്കാനും അദ്ദേഹത്തിൽ വിളങ്ങിയിരുന്ന സുകൃതങ്ങൾ പരിശീലിക്കാനും വിശുദ്ധ യൗസേപ്പിന്റെ വർഷാചരണവേളയിൽ നമുക്ക് പരിശ്രമിക്കാം. യൗസേപ്പിതാവിന്റെ പക്കൽ അണഞ്ഞ് നമ്മുടെ ആവശ്യങ്ങളും അപേക്ഷകളും ഉണർത്തിക്കുകയും താപസവിശുദ്ധിയോടെ ജീവിക്കുവാൻ യൗസേപ്പിതാവിന്റെ മാതൃക നമ്മെ സഹായിക്കുകയും ചെയ്യട്ടെ.

ഫാ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ
മൗണ്ട് സെന്റ് തോമസ്
കാക്കനാട്.
15.03.2021